**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4268** **06-03-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യക്ഷേമ പെൻഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ നിലവിൽ എത്ര മാസത്തെ കുടിശിക വിതരണം ചെയ്യാൻ ഉണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | 2023 ഫെബ്രുവരി വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളും, സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡു പെൻഷനുകളും അനുവദിച്ചിട്ടുണ്ട്.<br><br>കേരള ബിൽഡിംഗ് അന്റ് അദർ കൺസ്ട്രക്ഷൻ ക്ഷേമനിധി ബോർഡിൽ നിലവിൽ 6 മാസത്തെ പെൻഷൻ കുടിശ്ശികയായുണ്ട്. കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ പ്രതിമാസ കുടിശ്ശികയില്ല. എന്നാൽ 2022 ഏപ്രിൽ 30-നു വിരമിച്ച 435 വർക്കർമാർക്കും 315 ഹെൽപ്പർമാർക്കും 10 മാസത്തെ പെൻഷൻ കുടിശ്ശിക നൽകാനുണ്ട്. തനതു ഫണ്ടുപയോഗിച്ച പെൻഷന വിതരണം നടത്തുന്ന മറ്റ് ക്ഷേമനിധി ബോർഡു പെൻഷനുകൾ കുടിശ്ശികയില്ല.<br><br>സാംസ്കാരികം വകുപ്പ മുഖേന നൽകുന്ന കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ കായിക യുവജന ക്ഷേമ വകുപ്പ മുഖേന നൽകുന്ന സർക്കസ് പെൻഷൻ, അവശകായികതാര പെൻഷൻ എന്നിവ കുടിശ്ശികയില്ല.<br><br>തൊഴിൽ വകുപ്പ മുഖേന നൽകുന്ന മരം കയറ്റത്തൊഴിലാളി അവശതാ പെൻഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ എന്നിവ 2022 സെപ്റ്റംബർ മാസം മുതൽ കുടിശ്ശികയുണ്ട്. |
| (ബി) | പ്രസ്തുത കുടിശിക വിതരണം ചെയ്യുന്നതിന് എത്ര തുക ആവശ്യമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | കേരള ബിൽഡിംഗ് അന്റ് അദർ കൺസ്ട്രക്ഷൻ ക്ഷേമനിധി ബോർഡിൽ പെൻഷൻ കുടിശ്ശിക നൽകുന്നതിന് 330 കോടി രൂപ ആവശ്യമാണ്.<br><br>കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിലെ 2022 ഏപ്രിൽ 30-നു |

| | | | |
|---|---|---|---|
| | | | വിരമിച്ച 435 വർക്കർമാർക്കും 315 ഹെൽപ്പർമാർക്കും 10 മാസത്തെ കുടിശ്ശിക നൽകുന്നതിനായി 1.56 കോടി രൂപ ആവശ്യമാണ്.<br><br>തൊഴിൽ വകുപ്പ് മുഖേന നൽകുന്ന മരംകയറ്റത്തൊഴിലാളി അവശതാ പെൻഷൻ കുടിശ്ശിക നൽകുന്നതിന് 1.26 കോടി രൂപയും, പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ കുടിശ്ശിക നൽകുന്നതിന് 0.19 കോടി രൂപയും ആവശ്യമാണ്. |
| (സി) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. പെൻഷൻ നൽകുന്നതിനായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ-ന് സർക്കാർ ധനസഹായം ലഭ്യമാക്കുന്നു. ഈ കമ്പനി, പെൻഷൻ തുക ടി ആവശ്യത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്കും, സ്പെഷ്യൽ റ്റി എസ് ബി അക്കൗണ്ടിലേയ്ക്കും കൈമാറുന്നു. ടി ബാങ്ക് അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക ലഭ്യമാക്കുന്നു. സഹകരണ സംഘങ്ങൾ വഴി പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ സ്പെഷ്യൽ റ്റി എസ് ബി അക്കൗണ്ടിൽ നിന്നും 14 ജില്ലകളിലെയും സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർ വഴി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്നു. സഹകരണ സംഘങ്ങൾ ഏജന്റുമാർ വഴി പെൻഷൻ തുക ഗുണഭോക്താക്കളുടെ വീട്ടിൽ എത്തി വിതരണം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ